REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-04-2024** **സമയം 12.30 AM**

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിൽ പോളിംഗ് 35 ശതമാനത്തോട് അടുക്കുന്നു. വൈകിട്ട് ആറു വരെ വോട്ടു ചെയ്യാം.
- സംസ്ഥാനത്ത് വോട്ടെടുപ്പിനിടെ അഞ്ച് പേർ കുഴഞ്ഞു വീണു മരിച്ചു.
- കേരളത്തോടൊപ്പം വോട്ടെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ ഉയർന്ന പോളിംഗ് ത്രിപുരയിൽ. പോളിംഗ് കുറവ് മഹാരാഷ്ട്രയിൽ.
- വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടുകൾക്കൊപ്പം VVPAT സ്ലിപ്പുകളും എണ്ണണമെന്ന ഹർജി സുപ്രീംകോടതി തള്ളി.
- സിനിമാ, സീരിയൽ താരം മേഴത്തൂർ മോഹനകൃഷ്ണൻ അന്തരിച്ചു.
- I.P.L ക്രിക്കറ്റിൽ വൈകീട്ട് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, പഞ്ചാബ് കിങ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൽ കനത്ത പോളിംഗ്. വോട്ടെടുപ്പ് ആരംഭിച്ച് ആദ്യ നാല് മണിക്കൂറുകളിൽ തന്നെ 20 മണ്ഡലങ്ങളിലും പോളിംഗ് 25 ശതമാനം കടന്നു. മിക്ക ബൂത്തുകളിലും ഇപ്പോഴും വോട്ടർമാരുടെ നീണ്ട നിരയുണ്ടെന്നാണ് ഞങ്ങളുടെ പ്രതിനിധികൾ റിപ്പോർട്ട് ചെയ്യുന്നത്.**

ഒടുവിലെ റിപ്പോർട്ട് അനുസരിച്ച് മണ്ഡലങ്ങളിലെ പോളിംഗ് ശതമാനം ഇപ്രകാരമാണ്.

കാസർകോട്- 26.33

കണ്ണൂർ-27.26

വടകര -26.65

വയനാട്- 34.24

കോഴിക്കോട്-26.74

മലപ്പുറം-31 .86

പൊന്നാനി- 29.95

ആലത്തൂർ- 26.19

പാലക്കാട്-27.6

തൃശൂർ- 33 .44

ചാലക്കുടി-27.34

എറണാകുളം-25.92

ഇടുക്കി-33.14

കോട്ടയം - 26.41

ആലപ്പുഴ -27.64

മാവേലിക്കര-26.76

പത്തനംതിട്ട- 26.67

കൊല്ലം - 25.94

ആറ്റിങ്ങൽ- 27.81

തിരുവനന്തപുരം - 25.66

✪✪✪

വോട്ടെടുപ്പ് വൈകിട്ട് ആറിന് അവസാനിക്കും. നിശ്ചിത സമയത്ത് വോട്ടെടുപ്പ് തീർന്നില്ലെങ്കിൽ ആറു മണിക്ക് ബൂത്തിൽ എത്തിയവർക്ക് ടോക്കൺ നൽകി അവരെക്കൂടി വോട്ട് ചെയ്യാൻ അനുവദിക്കും.

✪✪✪

**കനത്ത ചൂടിനിടയിലും കണ്ണൂർ ജില്ലയിൽ മികച്ച പോളിംഗ്. മിക്ക ബൂത്തുകളിലും ആറു മണിയോടെ തന്നെ വോട്ടർമാരെത്തി.**

**വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.**

**.........(വോയ്സ്)................**

✪✪✪

**മലപ്പുറത്ത് ഇത്തവണയും മികച്ച പോളിംഗ്. മൂന്ന് മുന്നണികളും വിജയപ്രതീക്ഷയിലാണ്.**

**ആകാശവാണി ജില്ലാപ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ടിലേക്ക്.**

**.....(വോയ്സ്)..........**

✪✪✪

**തൃശൂർ ജില്ലയിൽ ഉയർന്ന പോളിംഗ് ശതമാനമാണ് ഇക്കുറി.**

**കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....**

**....................(വോയ്സ്).................**

✪✪✪

**പാലക്കാട് ജില്ലയിലും കനത്ത പോളിംഗ് രേഖപ്പെടുത്തി. മലമ്പുഴ നിയോജകമണ്ഡലത്തിലാണ് കൂടുതൽ പോളിംഗ്.**

ആകാശവാണി ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.

.............(വോയ്സ്)............

✪✪✪

കോഴിക്കോട് ജില്ലയിൽ ചിലേടങ്ങളിൽ യന്ത്രത്തകരാർ നിമിത്തം വോട്ടെടുപ്പ് വൈകിയെങ്കിലും പിന്നീട് മികച്ച പോളിംഗ് രേഖപ്പെടുത്തി.പലേടങ്ങളിലും സ്ത്രീ വോട്ടർമാരുടെ നീണ്ട നിരയാണ്....

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു .....

-------(വോയ്സ്)..........

✪✪✪

തിരുവനന്തപുരം ജില്ലയിൽ വോട്ടെടുപ്പ് മികച്ച രീതിയിൽ പുരോഗമിക്കുന്നു.എല്ലാ പോളിംഗ് ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിരയാണ് .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രജു കോലിയക്കോട്.

.....(വോയ്സ്).....

✪✪✪

സംസ്ഥാനത്ത് വോട്ടെടുപ്പിനിടെ അഞ്ച് പേർ കുഴഞ്ഞു വീണു മരിച്ചു.

കോഴിക്കോട് കുറ്റിച്ചിറ സ്കൂളിലെ ബൂത്തിൽ LDF ബൂത്ത് ഏജന്റ് റിട്ട. KSEB അസി. എൻജിനീയർ കാമക്കന്റെകത്ത് അനീസ് അഹമ്മദ് ആണ് കുഴഞ്ഞുവീണ് മരിച്ചത്.

തിരൂരിൽ വോട്ട് ചെയ്ത ശേഷം വീട്ടിൽ മടങ്ങിയെത്തിയതിന് പിന്നാലെയാണ് വയോധികൻ കുഴഞ്ഞുവീണ് മരിച്ചത്. നിറമെരുതൂർ സ്വദേശി ആലുക്കാനകത്ത് സിദ്ധീഖ് മൗലവിയാണ് മരിച്ചത്. നിറമരതൂർ വള്ളികാഞ്ഞീരം സ്കൂൾ ബൂത്തിലെ ആദ്യ വോട്ടറായിരുന്നു.

വോട്ട് ചെയ്തിറങ്ങിയ ഒറ്റപ്പാലം ചുനങ്ങാട് വാണിവിലാസിനി മോഡൻകാട്ടിൽ ചന്ദ്രൻ, ആലപ്പുഴ കാക്കാഴം സ്വദേശി സോമരാജൻ, കാക്കനാട് പോളിംഗ് ബൂത്തിലേക്ക് പോകുന്നതിനിടെ വാടച്ചിറ സ്വദേശി അജയൻ, എന്നിവരാണ് മരിച്ചത്.

✪✪✪

E.P ജയരാജൻ കൂറെക്കൂടി ജാഗ്രത പാലിക്കണമായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. വഞ്ചിക്കുന്നവരുമായി സൗഹൃദ സംഭാഷണങ്ങൾ നടത്തുമ്പോഴും കൂടുതൽ ശ്രദ്ധിക്കേണ്ടതായിരുന്നുവെന്ന് അദ്ദേഹം പിണറായിയിൽ പറഞ്ഞു. പ്രകാശ് ജാവ്ദേക്കറുമായി ജയരാജൻ ചർച്ച നടത്തിയെന്ന മാധ്യമ റിപ്പോർട്ടുകളോട് പിണറായിയിൽ വോട്ട് ചെയ്തശേഷം പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

E.P ജയരാജനെതിരായ പ്രചാരണം കമ്മ്യൂണിസ്റ്റ് വിരുദ്ധ ഗൂഢാലോചനയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V.ഗോവിന്ദൻ പറഞ്ഞു. രാഷ്ട്രീയമായി വിയോജിപ്പ് പ്രകടിപ്പിക്കുമ്പോഴും വ്യക്തി സൗഹൃദത്തെ സംശയിക്കേണ്ട കാര്യമില്ലെന്ന് അദ്ദേഹം കണ്ണൂരിൽ മൊറാഴയിൽ അഭിപ്രായപ്പെട്ടു.

✪✪✪

BJP നേതാവ് പ്രകാശ് ജാവ്ദേക്കറെ E P ജയരാജൻ കണ്ടത് മുഖ്യമന്ത്രി പിണറായി വിജയന്റെ അറിവോടു കൂടിയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആരോപിച്ചു. LDF കൺവീനർക്ക് BJP പ്രഭാരിയുമായി എന്ത് സംസാരിക്കാനുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് അദ്ദേഹം പറവൂരിൽ ആവശ്യപ്പെട്ടു. സംസ്ഥാനത്തെ CPIM നേതാക്കൾക്ക് BJP യുമായി അന്തർധാരയുണ്ടെന്ന UDF വിമർശനം ഇപ്പോൾ ശരിയായെന്ന് സതീശൻ പറഞ്ഞു.

✪✪✪

**BJP യിൽ ചേരുന്നതുമായി ബന്ധപ്പെട്ട് LDF കൺവീനർ E.P ജയരാജനുമായി പല ഘട്ടങ്ങളിലായി ചർച്ച നടത്തിയതായി BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ അറിയിച്ചു. BJP സംസ്ഥാന നേതൃത്വത്തിന്റെ അറിവോടുകൂടിയായിരുന്നു ചർച്ചകൾ നടത്തിയതെന്നും സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. ജൂൺ നാലിന് ശേഷം കൂടുതൽ നേതാക്കൾ മറ്റു പാർട്ടികളിൽ നിന്നും വരുമെന്നും സുരേന്ദ്രൻ അവകാശപ്പെട്ടു.**

✪✪✪

**ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ ഏറ്റവും ഉയർന്ന പോളിംഗ് ത്രിപുരയിലാണ്. 11 മണി വരെ 36.42 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഛത്തീസ്ഗഡിൽ 35.47 ശതമാനവും, മണിപ്പൂരിൽ 33.22 ശതമാനവും വോട്ട് രേഖപ്പെടുത്തി. പശ്ചിമബംഗാളിൽ 31.25 ശതമാനമാണ് പോളിംഗ് രേഖപ്പെടുത്തിയത്.**

**മഹാരാഷ്ട്രയിലാണ് ഏറ്റവും കുറഞ്ഞ പോളിംഗ്- 18.83 ശതമാനം. ബിഹാറിൽ 21.68, കർണാടകയിൽ 22.34, ഉത്തർപ്രദേശിൽ 24.31, രാജസ്ഥാനിൽ 26.84, മധ്യപ്രദേശിൽ 28.15, ജമ്മുകശ്മീരിൽ 26.61, അസമിൽ 27.43 എന്നിങ്ങനെയാണ് പോളിംഗ് ശതമാനം.**

✪✪✪

**വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടുകൾക്കൊപ്പം VVPAT സ്ലിപ്പുകളും എണ്ണണമെന്ന ഹർജി സുപ്രീംകോടതി തള്ളി. വോട്ടെടുപ്പിന് ബാലറ്റ്പേപ്പർ ഉപയോഗിക്കണമെന്ന ആവശ്യവും ഡിവിഷൻബെഞ്ച് നിരസിച്ചു. വോട്ടിംഗ് യന്ത്രങ്ങളിൽ സ്ഥാനാർത്ഥിയുടെ ചിഹ്നങ്ങൾ രേഖപ്പെടുത്തിയശേഷം സിംബൽ ലോഡിംഗ് യൂണിറ്റുകൾ എൻജിനീയർമാരുടെ സംഘം പരിശോധിക്കണമെന്നും, തിരഞ്ഞെടുപ്പിനു ശേഷം 45 ദിവസമെങ്കിലും യന്ത്രങ്ങൾ അത്തരത്തിൽ സൂക്ഷിക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു.**

**ഫലപ്രഖ്യാപനത്തിനു ശേഷം വോട്ടിംഗ് യന്ത്രങ്ങളിലെ മൈക്രോ കൺട്രോളർ പ്രോഗ്രാം വിദഗ്ധ എൻജിനീയർമാരെക്കൊണ്ട് പരിശോധിപ്പിക്കാൻ സ്ഥാനാർത്ഥികൾക്ക് അവസരം നൽകണമെന്നും ഡിവിഷൻബെഞ്ച് ഉത്തരവിട്ടു. ഫലപ്രഖ്യാപനം കഴിഞ്ഞ് ഏഴ് ദിവസത്തിനകം സ്ഥാനാർത്ഥിക്ക് ഈ ആവശ്യം ഉന്നയിക്കാം.**

✪✪✪

അഞ്ചാംഘട്ട വോട്ടെടുപ്പിന് ഇന്ന് വിജ്ഞാപനം പുറപ്പെടുവിക്കും. ഇതോടെ നാമനിർദേശ പത്രികാ സമർപ്പണം ആരംഭിക്കും. ആറ് സംസ്ഥാനങ്ങളിലെയും രണ്ട്  കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 മണ്ഡലങ്ങളിൽ അടുത്ത മാസം  20-നാണ് വോട്ടെടുപ്പ്.

✪✪✪

സിനിമാ, സീരിയൽ താരം മേഴത്തൂർ മോഹനകൃഷ്ണൻ കൂറ്റനാട് അന്തരിച്ചു. അദ്ദേഹത്തിന് 74 വയസ്സായിരുന്നു. തിരൂർ തെക്കൻകുറ്റൂർ സ്വദേശിയാണ്. കാരുണ്യം, പൈതൃകം, ദേശാടനം, അയാൾ കഥയെഴുതുകയാണ്, തിളക്കം തുടങ്ങി നിരവധി സിനിമകളിലും കായംകുളം കൊച്ചുണ്ണി തുടങ്ങിയ പ്രധാന സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്.

✪✪✪

I.P.L ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, പഞ്ചാബ് കിങ്സിനെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ ബംഗലൂരു റോയൽ ചലഞ്ചേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 35 റൺസിന് തോൽപ്പിച്ചു.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, മറ്റന്നാൾ മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 320 രൂപ കൂടി 53,320 ലെത്തി. 6,665 രൂപയാണ് ഗ്രാമിന്.

✪✪✪

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കും. ഇതിനായി ലേലം ചൊവ്വാഴ്ച റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

✪✪✪